"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം - വിദ്യാർത്ഥികളുടെ യോഗ്യതയിൽ 'ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്' ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2058/2023/LSGD തീയതി,തിരുവനന്തപുരം, 19-10-2023

---

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ന് നടന്ന യോഗത്തിന്റെ തീരുമാനം 3.7

**ഉത്തരവ്**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് ജോലി നേടുന്നതിനായി തൊഴിൽ പരിചയം നൽകുന്നതിനും അവർക്ക് സ്റ്റൈപന്റ് നൽകുന്നതിനും പ്രോജക്ട് എറ്റെടുക്കാൻ പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച പരാമർശിത മാർഗ്ഗരേഖ (ഖണ്ഡിക 7.2.22) പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പരിചയത്തിനായി തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ യോഗ്യത സംബന്ധിച്ചും നൽകാവുന്ന പ്രതിമാസ സ്റ്റൈപന്റ് സംബന്ധിച്ചും മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നുണ്ട്. മേൽ പ്രകാരം മാർഗ്ഗരേഖയിൽ പറയുന്ന യോഗ്യതയോടൊപ്പം താഴെപ്പറയുന്ന യോഗ്യതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങളെയും പരിശീലനത്തിനായി തെരഞ്ഞെടുക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

| യോഗ്യത | പ്രതിമാസ സ്റ്റൈപ്പന്റ് |
|---|---|
| (1) ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് | 7000 രൂപ |

2. ആയത് പ്രകാരം പരാമർശിത മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, പട്ടിക ജാതി വികസന വകുപ്പ്
10. ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 20-10-2023 13:29:56
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്